ഉത്തരം

(എ) സംസ്ഥാനത്തെ നിയമ വിദ്യാഭ്യാസം സമഗ്രമായി പരിഷ്കരിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കാൻ പ്രമുഖ നിയമപണ്ഡിതനും ബാംഗ്ലൂർ, കൽക്കട്ട നാഷണൽ ലാ സ്കൂളുകളുടെ മുൻ വൈസ്ചാൻസലറും ഭോപ്പാൽ നാഷണൽ ജുഡീഷ്യൽ അക്കാഡമിയുടെ മുൻ ഡയറക്ടറുമായ പ്രൊഫസർ എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിരുന്നു.

(ബി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രധാന ശിപാർശകൾ അന്യത്ര ചേർത്തിട്ടുണ്ട്.*

(സി) റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. റിപ്പോർട്ടിന്റെ വിവിധ ശിപാർശകളിന്മേൽ ഡോ. എൻ. കെ. ജയകുമാർ വിയോജിച്ച് പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യങ്ങളെല്ലാം സർക്കാർ പരിശോധിക്കുകയാണ്.

പുതിയ യൂണിവേഴ്സിറ്റികൾ

97(786) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള യൂണിവേഴ്സിറ്റികളിൽനിന്ന് മെഡിക്കൽ സയൻസ്, വെറ്ററിനറി സയൻസ്, ഫിഷറീസ് സയൻസ് എന്നിവ വേർപെടുത്തി പ്രത്യേകം യൂണിവേഴ്സിറ്റികൾ സ്ഥാപിച്ചപ്പോൾ നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ ഈ വിഷയങ്ങളിലുണ്ടായിരുന്ന ഫാക്കൽറ്റികളും വകുപ്പുകളും കോഴ്സുകളും നിർത്തലാക്കിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാം ;

(ബി) പുതിയ യൂണിവേഴ്സിറ്റികൾ നിലവിൽവന്നപ്പോൾ നിലവിലുണ്ടായിരുന്ന യൂണിവേഴ്സിറ്റികളിൽ എത്ര അദ്ധ്യാപകരുടേയും പ്രൊഫസർമാരുടേയും റീഡർമാരുടേയും ഫാക്കൽറ്റികളുടേയും തസ്തികകൾ അധികമായി വന്നിട്ടുണ്ട് ;

(സി) പ്രസ്തുത അധിക തസ്തികകൾ പുതിയ യൂണിവേഴ്സിറ്റികളിലേക്ക് മാറ്റുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ ;

(ഡി) ജോലി നഷ്ടപ്പെടുന്ന ഇവരെ പുനരധിവസിപ്പിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഇത് സംബന്ധിച്ച് പ്രൊഫ. അനന്തകൃഷ്ണൻ കമ്മീഷൻ എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly